**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **01.11.2019 ൽമറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന സ്റ്റേജ് കാര്യേജ് സർവീസ്

| ചോദ്യം<br>ശ്രീ. ഐ.ബി. സതീഷ്<br>,, പുരുഷൻ കടലുണ്ടി<br>,, എൻ. വിജയൻ പിള്ള<br>,, കെ.ഡി. പ്രസേനൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഏതെല്ലാം സംസ്ഥാനങ്ങളിലേക്കാണ് അന്തർ സംസ്ഥാന സ്റ്റേജ് കാര്യേജ് സർവീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്കാണ് നിലവിൽ കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസ് നടത്തി വരുന്നത്. |
| (ബി) | ബെംഗലൂരു, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | അന്തർ സംസ്ഥാന സർവ്വീസ് സംബന്ധിച്ച് തമിഴ്നാടുമായി പുതിയ ഗതാഗത കരാർ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന വ്യവസ്ഥകൾ വിശദമാക്കാമോ? | (സി) | ഉണ്ട്. 2019-ൽ തമിഴ്നാടുമായി രൂപീകരിച്ച പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരം തമിഴ്നാട്ടിലേയ്ക്ക് 49 റൂട്ടുകളിലായി 88 ബസ്സുകൾക്ക് 8865 കി.മീറ്റർ ദൂരം പുതുതായി സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. യാത്രക്കാരുടെ തിരക്ക് കൂടുതൽ അനുഭവപ്പെടുന്ന ഉത്സവകാലങ്ങളിൽ പ്രത്യേക അധിക സർവ്വീസ് നടത്തുന്നതിനും, വാരാന്ത്യ-വാരാദ്യ സർവ്വീസുകളും നടത്തുന്നതിനും പുതിയ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാതിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി കരാർ വ്യവസ്ഥകൾ പ്രകാരം തമിഴ്നാട്ടിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനും അതുവഴി അന്തർ സംസ്ഥാന റൂട്ടുകളിലുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനും കഴിയുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**